# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1025** **05.03.2020 ൽ മറുപടിക്ക്**

### കടവൂർ ഭാഗത്തെ ഗതാഗതക്കുരുക്ക്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. മുകേഷ്** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കൊല്ലം ബൈപാസ് ഗതാഗതത്തിനായി തുറന്ന് കൊടുക്കുന്നതോടുകൂടി പ്രസ്തുത ബൈപാസ് ദേശീയപാത 183 മായി സന്ധിക്കുന്ന കൊല്ലം മണ്ഡലത്തിലെ കടവൂർ ഭാഗത്ത് വലിയതോതിലുള്ള ഗതാഗതകുരുക്കിന് ഇടയാക്കുമെന്ന കാര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) കൊല്ലം ബൈപ്പാസ് 2019 ജനുവരിയിൽ ഗതാഗതത്തിനായി തുറന്നു കൊടുത്തു. കൊല്ലം ബൈപ്പാസ് എൻ.എച്ച് 183-മായി സന്ധിക്കുന്ന കടവൂർ ഭാഗത്ത് ഗതാഗതക്കുരുക്ക് ഉണ്ടാകുന്നുണ്ട്. നിലവിൽ എൻ.എച്ച് 183-ന് വീതി കുറവായതിനാലും ബൈപ്പാസ് വഴിയുള്ള വാഹനങ്ങളുടെ ബാഹുല്യം മൂലവുമാണ് ഗതാഗതക്കുരുക്ക് ഉണ്ടാകുന്നത്. |
| (ബി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) എൻ.എച്ച് 066 നാലുവരിയാക്കി വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതോടൊപ്പം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരം കൊല്ലം ബൈപ്പാസ് 4 വരിപ്പാതയാക്കുമ്പോൾ പ്രസ്തുത ഭാഗത്തിന്റെ വികസനവും നടപ്പിലാക്കാൻ ആവശ്യപ്പെടുന്നതായിരിക്കും. |

**സെക്ഷൻ ഓഫീസർ**